പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര
ചിഹ്നമിടാത്ത ചോദ്യം നം.1909　　04.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ.വി.ടി.ബൽറാം | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ സെമിഫൈനൽ മത്സരങ്ങളുടെ വേദിയാകാൻ കേരളത്തിന് കഴിയാതിരുന്ന സാഹചര്യം എന്താണ്; | (എ) | സെമി ഫൈനൽ മത്സരങ്ങൾ കേരളത്തിന് നൽകുമെന്ന് ഔദ്യോഗികമായ അറിയിപ്പുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ക്വാർട്ടർ ഫൈനൽ വരെയുള്ള മത്സരങ്ങളാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഫിഫ മുന്നോട്ടു വച്ച അന്തിമസമയക്രമം സംസ്ഥാനം ഗൗരവത്തോടെ എടുത്തില്ലായെന്നും അണ്ടർ 17 ലോകകപ്പിന്റെ വ്യാപ്തിയും, പ്രാധാന്യവും തിരിച്ചറിയാൻ ഉദ്യോഗസ്ഥവൃന്ദത്തിനും ഭരണാധികാരികൾക്കും കഴിയാതെപോയി എന്നുമുള്ള ആക്ഷേപം ശരിയാണോ; | (ബി) | ശരിയല്ല |
| (സി) | ഭരണ സംവിധാനത്തിലെ അനാസ്ഥയാണോ ഒരുക്കങ്ങളിലെ മെല്ലെ പ്പോക്കിന് കാരണമായതെന്ന് വ്യക്തമാക്കുമോ; | (സി) | ഫിഫ നിർദ്ദേശിച്ച സമയക്രമം പാലിച്ച് ഒരുക്കങ്ങൾ പൂർത്തിയാക്കുകയും മത്സരം പരാതിയ്ക്ക് ഇടവരാത്ത വിധം നടക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സെമിഫൈനൽ മത്സരങ്ങൾക്ക് മുമ്പുള്ള മറ്റ് മത്സരങ്ങളെങ്കിലും സംസ്ഥാനത്തിന് ലഭിക്കുന്ന തരത്തിൽ മേയ് 15 ന് മുമ്പ് ഫിഫ നിഷ്കർഷിച്ച വിധത്തിൽ ഒരുക്കങ്ങൾ പൂർത്തിയാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | എല്ലാ ഒരുക്കങ്ങളും പൂർത്തിയായി വരുന്നു. മെയ് 15 ന മുൻപ് ഒരുക്കങ്ങൾ പൂർത്തിയാകും. ക്വാർട്ടർ ഫൈനൽ വരെയുള്ള മത്സരങ്ങൾ ലഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ